

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ

## 1. മണ്ണിനടിയിലെ അത്ഭുതങ്ങൾ

സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 മണ്ണിനടിയിലെ അത്ഭുതങ്ങൾ . . . . . . . . . . . . . 1

1 ശിലായുഗവും ലോഹയുഗവും . . . . . 3

2 സിന്ധുതട സംസ്കാരം . . . . . . . . . 4

3 വർഗ്ഗസമരത്തിന്റെ ആരംഭം . . . . . 5

4 ആദിമനിവാസികളുടെ മതവും ദൈവവും 6

5 ഭാരതീയ സംസ്കാരത്തിന്റെ അസ്ഥിവാരം 7

# 1

# മണ്ണിനടിയിലെ അത്ഭുതങ്ങൾ

ആര്യന്മാരുടെ ആഗമനത്തോടുകൂടിയാണ് ഇന്ത്യാചരിത്രം ആരംഭിക്കുന്നത് എന്നും അതിനു മുമ്പുള്ളതെല്ലാം ഇരുട്ടുമൂടി കിടക്കുന്ന ചരിത്രാതീതകാലമാണെന്നും വിശ്വസിച്ചുപോന്ന ചില ചരിത്രകാരന്മാരുണ്ടായിരുന്നു. ആര്യന്മാർ ഇന്ത്യയിൽ കുടിയേറിപ്പാർത്ത കാലം മുതൽക്ക് സനാതനവും ശാശ്വതവുമായ ഒരു സംസ്കാരം ഇവിടെ നിലനിന്നുപോന്നിട്ടുണ്ടെന്നും ഐഹികങ്ങളായ നിസാരതകളിൽ നിന്നെല്ലാമകന്ന് വനാന്തരങ്ങളിലിരുന്നു ഫലമൂലകങ്ങൾ ഭുജിച്ചുകൊണ്ടു തപസ്സ് ചെയ്ത ഋഷിപുംഗവന്മാരാണ് ആ സംസ്കാരത്തിന്റെ ജനയിതാക്കളെന്നും അവർ വാദിച്ചുപോന്നു. എന്നാൽ, അടുത്ത കാലത്തായി നടത്തപ്പെട്ട ചരിത്രാന്വേഷണങ്ങളുടെയും ഉത്ഖനനഗവേഷണങ്ങളുടെയും മുമ്പിൽ ഇത്തരം വാദങ്ങൾക്കും വിശ്വാസങ്ങൾക്കും നിൽക്കക്കള്ളിയില്ലാതായിട്ടുണ്ട്. ഒന്നാമത്, ജനങ്ങളുടെ സാമൂഹികജീവിതത്തിൽ നിന്നല്ലാതെ വ്യക്തികളുടെ തപശ്ചര്യകളിൽ നിന്ന് യാതൊരു സംസ്കാരവും ലോകചരിത്രത്തിലൊരിടത്തും ഇതേവരെയുണ്ടായിട്ടില്ല. രണ്ടാമത്, ആര്യന്മാരുടെ സംസ്കാരം ഒരിക്കലും സ്ഥിരമായി നിന്നിട്ടില്ല; ജനങ്ങളുടെ ഭൗതിക ജീവിതത്തിലുണ്ടായ മാറ്റങ്ങളോടൊപ്പം അത് വളരുകയും മാറുകയും ചെയ്തിട്ടുണ്ട്. മൂന്നാമത്, ആര്യന്മാരുടെ സംസ്കാരം അതിന് മുമ്പുണ്ടായിരുന്ന സംസ്കാരവുമായി ബന്ധപ്പെട്ടും കെട്ടിപ്പിണഞ്ഞുമാണ് വളർന്നിട്ടുള്ളത്.

ആര്യന്മാർ വരുന്നതിന് എത്രയോ മുമ്പുതന്നെ ഇന്ത്യയ്ക്കൊരു ചരിത്രവും ഇന്ത്യയിലെ ജനങ്ങൾക്കൊരു സാമൂഹിക ജീവിതവും ഉണ്ടായിരുന്നുവെന്ന് സംശയത്തിനിടയില്ലാത്തവിധം തെളിഞ്ഞു കഴിഞ്ഞിട്ടുണ്ട്. ഉത്ഖനന ശാസ്ത്രജ്ഞന്മാരുടെ അടുത്തകാലത്തെ ഗവേഷണങ്ങളുടെ ഫലമായി ഇന്ത്യയിലെ ആദിമനിവാസികളുടെ ഭൗതികസംസ്കാരത്തിന്റെ പല അവശിഷ്ടങ്ങളും കണ്ടുകിട്ടിയിരിക്കുന്നു. ഈ അവശിഷ്ടങ്ങളിൽ ചിലതിന് രണ്ടുലക്ഷത്തിലധികം കൊല്ലത്തെ പഴക്കമുണ്ടെന്ന് ചില ശാസ്ത്രജ്ഞന്മാർ അനുമാനിക്കുന്നു.

## 1 ശിലായുഗവും ലോഹയുഗവും

ബലൂചിസ്ഥാൻ, സിൻഡ്, രാജസ്ഥാൻ, തിരുനെൽവേലി തുടങ്ങിയ വിഭിന്നങ്ങളായ പല സംസ്ഥാനങ്ങളിൽ നിന്നും കല്ലുകൊണ്ടുണ്ടാക്കപ്പെട്ട പ്രാകൃതങ്ങളായ ചില ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ട്. ഒറ്റനോട്ടത്തിൽ അവ വെറും കല്ലിൻകഷണങ്ങളാണെന്നേ തോന്നൂ. എങ്കിലും, സൂക്ഷിച്ചുനോക്കിയാൽ അവയിൽ മനുഷ്യന്റെ കൈപ്പാടുകൾ കാണാം. നമ്മുടെ പൂർവ്വികന്മാർ സഹസ്രാബ്ദങ്ങൾക്ക് മുമ്പ് ഉപയോഗിച്ച ആയുധങ്ങളാണവ.

ഇന്ത്യയിലെ അതിപ്രാചീനരായ ഈ ആദിമമനുഷ്യരുടെ ജീവിതമെങ്ങനെയായിരുന്നു? അവർക്കു പിന്നീടെന്തു സംഭവിച്ചു? ആർക്കുമൊന്നും ഉറപ്പിച്ച് പറയാൻ വയ്യ. എങ്കിലും അവരുടെ രക്തം ഇന്നും നമ്മുടെ ധമനികളിൽ ഒഴുക്കിക്കൊണ്ടിരിക്കുന്നുണ്ട് എന്നനുമാനിക്കുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല.

ആയിരമായിരം കൊല്ലങ്ങൾക്കുമുമ്പാണത്. മെഷീൻഗണ്ണും ആറ്റം ബോംബുമില്ല. കമ്പിത്തപാലും ആകാശവിമാനവുമില്ല. വൻകിട യന്ത്രങ്ങളും സിനിമാശാലകളുമില്ല — കഠിനവും ദുർഭരവുമായ ഒരു പ്രാകൃത ജീവിതമായിരുന്നു അത് — പ്രകൃതി ശക്തികളുടെയും കാട്ടു മൃഗങ്ങളുടെയും ആക്രമണങ്ങളുടെ മുമ്പിൽ നിസ്സഹായതയോടെ ചൂളിപ്പോകുന്ന ഒരു ദയനീയജീവിതം!.

എങ്കിലും, ആ പ്രാകൃതമനുഷ്യർ നിരാശരാവുകയോ ജീവിതത്തിൽ നിന്നൊളിച്ചോടിപ്പോവുകയോ ചെയ്തില്ല. ഭക്ഷണത്തിനാവശ്യമായ ഫലമൂലങ്ങളും പക്ഷിമൃഗാദികളുടെ മാംസവും സമ്പാദിക്കുവാൻ അവർ നന്നേ വിഷമിക്കേണ്ടിവന്നുവെന്നത് ശരിയാണ്. എങ്കിലും അവർ ജീവിച്ചു. ജീവിതത്തോടുള്ള പ്രതിപത്തി അവരെ കർമ്മോന്മുഖരാക്കി. പരുപരുത്ത കല്ലിൻകഷണങ്ങളെ ആയുധങ്ങളാക്കി മാറ്റിക്കൊണ്ട് ശുഭാപ്തിവിശ്വാസത്തോടുകൂടി അവർ ചരിത്രത്തിന്റെ പടിവാതിൽക്കലേക്ക് കൂട്ടംകൂട്ടമായി മാർച്ച് ചെയ്തു.

മെല്ലെമെല്ലെ തങ്ങളുടെ ആയുധങ്ങളെ അവർ പരിഷ്കരിച്ചു. കല്ലിൻകഷണങ്ങളെ ചെത്തിമിനുക്കിയും മിനുക്കി കൂർപ്പിച്ചും കൂടുതൽ നല്ല ഉപകരണങ്ങളുണ്ടാക്കി. അങ്ങനെ അവർ ജീവിതായോധനത്തിൽ ഒരു പടികൂടി മുന്നോട്ടുവച്ചു. ഗോർഡൻ ചൈൽഡിന്റെ ഭാഷയിൽ പറഞ്ഞാൽ, 'പരിതഃസ്ഥിതികളുടെ നേരെ ആക്രമണപരമായ ഒരു മനോഭാവം' അവരിൽ വളരാൻ തുടങ്ങി. അവർ ധാന്യങ്ങളും കായ്കനികളും കൃഷി ചെയ്യാനും മൺപാത്രങ്ങളും മരം കൊണ്ടുള്ള പലതരം സാമഗ്രികളും ഉപയോഗിക്കാനും വില്ലും അമ്പുമുപയോഗിച്ച് കുറേക്കൂടി എളുപ്പത്തിൽ കാട്ടുമൃഗങ്ങളെ വേട്ടയാടാനും പഠിച്ചു. ക്രമത്തിൽ ചില മൃഗങ്ങളെ പിടിച്ച് മെരുക്കാൻ തുടങ്ങി. പ്രാകൃതമനുഷ്യരുടെ ജീവിതത്തിൽ അതൊരു വിപ്ലവമായിരുന്നു. ഈ മാറ്റങ്ങളെല്ലാമുണ്ടായത് ഏതാണ്ടു പതിനായിരം കൊല്ലങ്ങൾക്കുമുമ്പാണെന്ന് ചില ഗവേഷകന്മാർ അഭിപ്രായപ്പെടുന്നു.

പരിഷ്കരിക്കാത്ത പരുപരുത്ത കല്ലിൻകഷണങ്ങളെ ആയുധങ്ങളാക്കി ഉപയോഗിച്ചിരുന്ന കാലത്തിന് പ്രാചീനശിലായുഗമെന്നും കല്ലുകൊണ്ടു നിർമ്മിക്കപ്പെട്ട പരിഷ്കൃതങ്ങളായ ആയുധങ്ങളുപയോഗിച്ചിരുന്ന കാലത്തിന് നവീനശിലായുഗമെന്നുമാണ് ചരിത്രകാരന്മാർ പേരിട്ടിട്ടുള്ളത്.

പ്രാചീനശിലായുഗത്തെയും നവീനശിലായുഗത്തെയും പ്രതിനിധാനം ചെയ്യുന്ന ഒട്ടനവധി ആയുധങ്ങളും ഉപകരണങ്ങളും ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നും കണ്ടുകിട്ടിയിട്ടുണ്ട്. തെക്കേ ഇന്ത്യയിലെ നർമ്മദാതീരങ്ങളിൽ നിന്നും പശ്ചിമഘട്ടത്തിന്റെ താഴ്വാരങ്ങളിൽ നിന്നും ലഭിച്ച പല ഉപകരണങ്ങളും പ്രാചീനശിലായുഗത്തിലെ പ്രാകൃത മനുഷ്യരുപയോഗിച്ചവയാണ്. ബല്ലാരി ജില്ലയിലും മൈസൂരിലും നടത്തപ്പെട്ട ഗവേഷണങ്ങളിൽ നിന്ന് നവീനശിലായുഗത്തിലെ മനുഷ്യരുപയോഗിച്ച അനേകം ഉപകരണങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. മിർസാപൂരിൽ നിന്ന് നവീനശിലായുഗത്തിൻറേതായ ചില ശവകുടീരങ്ങൾ കുഴിച്ചെടുക്കപ്പെട്ടിട്ടുണ്ട്. വേട്ടയ്ക്കുള്ള പലതരം ആയുധങ്ങൾ, ഉളികൾ, നെയ്ത്തു തറികളുടെ അവശിഷ്ടങ്ങൾ, മൺപാത്രങ്ങൾ മുതലായവയും കല്ലുകൊണ്ടുള്ള ഉപകരണങ്ങളിന്മേൽ കൊത്തിവരയ്ക്കപ്പെട്ട മനുഷ്യരുടെയും മൃഗങ്ങളുടെയും വേട്ടയാടലിന്റെയും മറ്റും ചിത്രങ്ങളും ശിലായുഗത്തിലെ ജനങ്ങളുടെ ജീവിതരീതിയിലേക്ക് ചുഴിഞ്ഞുനോക്കാൻ സഹായിക്കുന്നവയാണ്. ഇന്നും നാമാവശേഷമായിട്ടില്ലാത്ത ചില ഗോത്രവർഗ്ഗക്കാർ വില്ലും അമ്പും കല്ലുകൊണ്ടുള്ള ഉപകരണങ്ങളുമായി അടുത്തകാലം വരെയും ശിലായുഗത്തിലാണ് ജീവിച്ചുപോന്നിട്ടുള്ളത്.

മറ്റെല്ലാ രാജ്യങ്ങളിലുമെന്നപോലെ ഇന്ത്യയിലും ആദിമനിവാസികൾ കല്ലുകൊണ്ടുള്ള ഉപകരണങ്ങളാണുപയോഗിച്ചിരുന്നത്. കാലക്രമത്തിലവ ലോഹം കൊണ്ടുള്ള ഉപകരണങ്ങൾക്ക് വഴിമാറിക്കൊടുത്തു. ചെമ്പുകൊണ്ടും പിച്ചളകൊണ്ടുമുള്ള നാനാതരം പണിയായുധങ്ങൾ ഉപയോഗിക്കപ്പെടാൻ തുടങ്ങി.

കല്ലുകൊണ്ടുള്ള ഉപകരണങ്ങളിൽ നിന്ന് ലോഹോപകരണങ്ങളിലേക്കുള്ള മുന്നേറ്റം പ്രാചീനമനുഷ്യരുടെ സാമൂഹ്യജീവിതത്തിലുണ്ടായ മറ്റൊരു വിപ്ലവത്തെയാണ് കുറിക്കുന്നത്. വേടന്മാരുടെ കഷ്ടപ്പെട്ടുകൊണ്ടുള്ള പ്രാകൃതജീവിതത്തിന്റെ സ്ഥാനത്ത് കൃഷിപ്പണി, കന്നുകാലികളെ മേയ്ക്കൽ, കൈത്തൊഴിലുകൾ എന്നിങ്ങനെ വിവിധതരത്തിലുള്ള ഉൽപ്പാദനങ്ങൾ നടത്താനാവശ്യമായ പ്രവൃത്തിവിഭജനം ആവിർഭവിച്ചു. വ്യക്തികൾക്കും സമുദായങ്ങൾക്കും തമ്മിൽത്തമ്മിൽ ഉൽപ്പന്നങ്ങൾ കൈമാറാമെന്നായി. സ്വത്തുക്കൾ വർദ്ധിച്ചു. കൂട്ടായ ഉൽപാദനത്തിൻറേയും കൂട്ടായ ഉപഭോഗത്തിൻറേയും അടിസ്ഥാനത്തിലുള്ള പ്രാകൃത കമ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥയ്ക്കുള്ളിൽ സ്വകാര്യസ്വത്ത് തലപൊക്കി. സമുദായത്തിലെ ചില വിഭാഗക്കാർ സ്വത്തുള്ളവരും മറ്റുള്ളവർ സ്വത്തില്ലാത്തവരുമായിത്തീർന്നു.

## 2 സിന്ധുതട സംസ്കാരം

ലോഹയുഗത്തിലെ ഏറ്റവും അത്ഭുതകരങ്ങളും ഏറ്റവും ആകർഷകങ്ങളുമായ സ്മാരകങ്ങൾ വടക്കുപടിഞ്ഞാറെ ഇന്ത്യയിൽ നിന്നും ഇപ്പോൾ പാക്കിസ്ഥാൻ എന്ന പേരിലറിയപ്പെടുന്ന ഭാഗങ്ങളിൽ നിന്നുമാണ് ലഭിച്ചിട്ടുള്ളത്. പഞ്ചാബിൽ ലാഹോറിൽ നിന്ന് നൂറോളം നാഴിക തെക്കുപടിഞ്ഞാറായി കിടക്കുന്ന ഹാരപ്പയിലും തെക്കു ഭാഗത്തായി കറാച്ചിയിൽ നിന്ന് നൂറ് നാഴിക അകലെ കിടക്കുന്ന മോഹൻജദാരോവിലും നടത്തപ്പെട്ട ഉത്ഖനന ഗവേഷണങ്ങൾ അയ്യായിരം കൊല്ലങ്ങൾക്കുമുമ്പ് ഇന്ത്യയിൽ നിലനിന്നിരുന്ന പ്രാചീന ലോകസംസ്കാരത്തിന്റെ വിവിധ വശങ്ങളിലേക്ക് പുതിയൊരു വെളിച്ചം വീശിത്തന്നിരിക്കുന്നു. മോഹൻജദാരോവിൽ നിന്ന് 400 നാഴികയിലധികം വടക്കുകിഴക്കായിട്ടാണ് ഹാരപ്പാ കിടക്കുന്നത്. ഈ രണ്ടു പട്ടണങ്ങൾക്കുമിടയിലായി ചെറുതും വലുതുമായ മറ്റു നാൽപതോളം പട്ടണങ്ങളുടെയും ഒട്ടനവധി ഗ്രാമങ്ങളുടെയും അവശിഷ്ടങ്ങൾ ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. പിച്ചളകൊണ്ടും ചെമ്പുകൊണ്ടുമുള്ള മഴു, പിച്ചള കൊണ്ടുള്ള ഈർച്ചവാൾ, ഉളി, മത്സ്യം പിടിക്കാനുള്ള ചൂണ്ടൽ, ക്ഷൗരക്കത്തികൾ, ചെമ്പുകൊണ്ടുള്ള വാളുകൾ, പിച്ചളകൊണ്ടും ചെമ്പുകൊണ്ടുമുള്ള കുന്തങ്ങളും അമ്പുകളും, ചെമ്പുപാത്രങ്ങളും പിച്ചളപാത്രങ്ങളും തുലാസ്സുകളും തൂക്കക്കട്ടികളും — ഇങ്ങനെ പലതും ഉത്ഖനന ശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടിത്തങ്ങളിലുൾപ്പെടുന്നു.

ലോഹോപകരണങ്ങൾ കുറച്ചൊന്നുമല്ല, ധാരാളമായിത്തന്നെ കണ്ടുകിട്ടിയിട്ടുണ്ട്. അതിനാൽ, അവ മറ്റു രാജ്യങ്ങളിൽ നിന്നുകൊണ്ടു വരപ്പെട്ടവയല്ലെന്നും ഇന്ത്യയിൽ തന്നെ ഉണ്ടാക്കപ്പെട്ടവയാണെന്നും ന്യായമായി വിശ്വസിക്കാം.

സിന്ധുനദീതീരങ്ങളിൽ പാർത്തിരുന്ന ഈ ആദിമനിവാസികളിൽ പലരും ആര്യന്മാർക്കുപോലും അസൂയ ജനിപ്പിക്കത്തക്കവിധം ചുറ്റുപാടും മതിൽക്കെട്ടുകളോടുകൂടിയ കൂറ്റൻ ഭവനങ്ങളിലാണ് പാർത്തിരുന്നത്. മതിൽക്കെട്ടുകളിന്മേൽ പലേടത്തും ഇനിയും വായിച്ചു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത എഴുത്തുകളുണ്ട്. വിസ്തൃതമായ തെരുവുകളും ഒറ്റവരിയിൽ നിരനിരയായി വീടുകളും തെക്കുവടക്കായും കിഴക്കുപടിഞ്ഞാറായും വിലങ്ങനെ വൃത്തിയിൽ മുറിച്ചുകടക്കുന്ന സമാന്തരങ്ങളായ റോഡുകളും നിറഞ്ഞ മോഹൻജദാരോ പട്ടണം നഗരാസൂത്രണത്തിനൊരു മാതൃകയായിരുന്നു. ചളിവെള്ളം ഒട്ടുംതന്നെ കെട്ടിനിൽക്കാത്ത വിധത്തിൽ നഗരം ശുചിയാക്കി വെയ്ക്കാനുള്ള അഴുക്കുചാൽ പദ്ധതികളും പൊതുകളിസ്ഥലങ്ങളും ഗവേഷകന്മാരുടെ പരിശോധനയ്ക്കു വിധേയമായിട്ടുണ്ട്. ഇഷ്ടികകൊണ്ടു പടുത്തുണ്ടാക്കപ്പെട്ട വീടുകൾ ധാരാളം സ്ഥലസൗകര്യമുള്ളവയാണ്. അവയ്ക്ക് നല്ല വിശാലമായ മുറ്റങ്ങളും കല്ലുപാകിയ കുളിമുറികളും കോവണികളും മേൽത്തട്ടുകളുമുണ്ട്. ഓരോ വീടിനും സ്വന്തമായി കിണറുണ്ട്. ചില കിണറുകളിലെ വെള്ളം ഇന്നും വറ്റിയിട്ടില്ല! ഒരു പടുകൂറ്റൻ കെട്ടിടത്തിൽ ഖജനാമുറികളും ധാന്യശേഖരണത്തിനുള്ള നിലവറകളും കണ്ടെത്തപ്പെട്ടിരിക്കുന്നു. പട്ടണത്തിന്റെ മധ്യത്തിൽ ഒരു ക്ഷേത്രമുണ്ട്. അതിനു തൊട്ടടുത്തുകാണുന്ന മറ്റൊരു കെട്ടിടമായിരിക്കാം പുരോഹിതന്റെ പാർപ്പിടം. ഹാരപ്പയിൽ നിന്നു ലഭിച്ച സാമഗ്രികളിൽ 170 അടി നീളവും 130 അടി വീതിയുമുള്ളതും ഇഷ്ടിക കൊണ്ടുണ്ടാക്കപ്പെട്ടതുമായ ഒരു വലിയ നിലവറയും ചിത്രപ്പണികളോടുകൂടിയ മൺപാത്രങ്ങളും മുകൾഭാഗത്ത് ചെമ്പുതകിടുകളടിച്ചിട്ടുള്ള ഒരു കാളവണ്ടിയുടെ കൂടും ചില സ്വർണ്ണാഭരണങ്ങളും കല്ലുമാലകളും ശിലാവിഗ്രഹങ്ങളും മറ്റുമുൾപ്പെടുന്നു.

ജനങ്ങളിൽ വലിയൊരു വിഭാഗം കാർഷികജീവിതത്തെയാണവലംബിച്ചിരുന്നത്. നിലമുഴുതു ശരിപ്പെടുത്തുവാനുള്ള കലപ്പകളും മറ്റു കാർഷികോപകരണങ്ങളും അവർക്കുണ്ടായിരുന്നു. ചെമ്പുകൊണ്ടും പിച്ചളകൊണ്ടുമുള്ള കലപ്പകളും മറ്റനവധി കാർഷികോപകരണങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്. ബാർലി, ഗോതമ്പ് മുതലായ ധാന്യങ്ങളും വസ്ത്രമുണ്ടാക്കാനുള്ള പരുത്തിയും കൃഷി ചെയ്യാൻ അവർ പഠിച്ചിരുന്നു. അവർക്ക് നല്ല തോട്ടങ്ങളുണ്ടായിരുന്നു. ഈ പട്ടണങ്ങളെ നിലനിർത്താൻ വേണ്ടത്ര ധാന്യം തൊട്ടടുത്തുള്ള ഗ്രാമങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെട്ടിരുന്നു എന്നു തീർച്ചയാണ്. കൊയ്ത്തുകഴിഞ്ഞാൽ അവർ പാട്ടുപാടും, നൃത്തം വയ്ക്കും, മരവും മൃഗത്തോലുമുപയോഗിച്ചുണ്ടാക്കിയ ചെണ്ടകൊട്ടി ആഹ്ലാദിക്കും. അവരുടെ കൈവിരുതു സൃഷ്ടിച്ച ചെണ്ടയാണ് നമ്മുടെ നാട്ടിൽ ഇന്നുമുപയോഗിക്കപ്പെടുന്നത്.

ഈ പ്രാചീനനഗരങ്ങളുടെ അവശിഷ്ടങ്ങളിൽ നിന്ന് ഗവേഷകന്മാർ ആട്, പന്നി, ഒട്ടകം, ആന, കുതിര, എരുമ മുതലായ മൃഗങ്ങളുടെ എല്ലുകൾ കണ്ടെടുത്തിട്ടുണ്ട്. ആര്യന്മാർക്കു മുമ്പുതന്നെ നമ്മുടെ പൂർവ്വികർ മൃഗങ്ങളെ പോറ്റിവളർത്തിയിരുന്നു എന്ന് ഇത് തെളിയിക്കുന്നു. അവർ പശു, എരുമ, ആട് എന്നീ മൃഗങ്ങളുടെ പാൽ ഉപയോഗിച്ചിരുന്നുവെന്നും നായയേയും പൂച്ചയേയും വീട്ടുമൃഗങ്ങളായി പോറ്റിവളർത്തിയിരുന്നുവെന്നും ഗവേഷന്മാർ അഭിപ്രായപ്പെടുന്നു. തീവണ്ടികളോ ലോറികളോ ഇല്ലാതിരുന്ന ആ പ്രാചീന കാലത്ത് കച്ചവടാവശ്യങ്ങൾക്ക് ഒഴിച്ചുകൂടാനാവാത്ത വാഹനമായിരുന്നു ഒട്ടകവും കുതിരയുമെന്നോർക്കേണ്ടതുണ്ട്. മോഹൻജദാരോവിലെയും ഹാരപ്പയിലേയും ജനങ്ങളുടെ സാമൂഹികജീവിതത്തിൽ വ്യാപാരത്തിന് പ്രധാനമായ ഒരു പങ്കുണ്ടായിരുന്നു. കച്ചവടക്കാർ തോണിയുണ്ടാക്കി ദൂരദേശങ്ങളിലേക്കു യാത്ര ചെയ്തിരുന്നു. ഇന്ത്യയുടെ ഫലസമൃദ്ധമായ ഭൂമിയും വിഭവങ്ങളും അന്നുമുതൽക്കുതന്നെ അന്യനാട്ടുകാരെ ആകർഷിക്കാൻ തുടങ്ങിയിരുന്നു.

മോഹൻജദാരോ, ഹാരപ്പ എന്നീ പട്ടണങ്ങൾ കച്ചവടത്തിന്റെയും കൈത്തൊഴിലിന്റെയും കേന്ദ്രങ്ങളായിരുന്നു. മോഹൻജദാരോവിൽ കൊട്ടാരത്തോട് സാദൃശ്യം വഹിക്കുന്ന ഒരു കൂറ്റൻ കെട്ടിടത്തിനടുത്തായി ലോഹപ്പണിക്കുള്ള ഒരു വർക്ക് ഷോപ്പുണ്ട്. അതിന്റെ തെക്കുഭാഗത്ത് മാർക്കറ്റ് കിടക്കുന്നു. കാർഷികോൽപ്പന്നങ്ങൾ കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു വലിയ കെട്ടിടവുമുണ്ട്.

പരുത്തിയിൽ നിന്ന് നൂലുണ്ടാക്കുവാനും നൂലുപയോഗിച്ച് തുണി നെയ്യുവാനും ഇന്ത്യയിലെ ആ പ്രാചീന നിവാസികൾ പഠിച്ചുകഴിഞ്ഞിരുന്നു. മേത്തരം പരുത്തിനൂൽ കൊണ്ട് നെയ്തെടുത്ത് ചുകപ്പ് ചായം മുക്കിയ ഒരു തുണിയുടെ അവശിഷ്ടങ്ങൾ ഒരു വെള്ളിപ്പാത്രത്തിനകത്തുനിന്ന് കണ്ടുകിട്ടിയിരിക്കുന്നു. ഇന്ത്യൻ പരുത്തി മെസപ്പോട്ടേമിയിൽ ‘സിന്ധു’ എന്ന പേരിലാണറിയപ്പെട്ടിരുന്നതെന്നും പിന്നീടത് ഗ്രീക്ക് ഭാഷയിൽ ‘സിൻറൺ’ ആയി മാറിയെന്നും എഡിൻബറോ സർവ്വകലാശാലയിലെ പുരാവസ്തു ഗവേഷണാധ്യാപകനായ സ്റ്റുവേർട്ട് പിക്ഷോട്ട് ചൂണ്ടിക്കാണിക്കുന്നു.

ചിത്രപ്പണികളോടുകൂടിയ, മൺപാത്രങ്ങളുണ്ടാക്കുക, പരുത്തിനൂലുപയോഗിച്ച് വസ്ത്രങ്ങൾ നെയ്യുക, ചൂളവെച്ച് ഇഷ്ടികകൾ നിർമ്മിക്കുക, ഭംഗിയുള്ള ആഭരണങ്ങളുണ്ടാക്കുക — ഇങ്ങനെ പലതരം കൈവേലകൾ അവർക്കറിയാമായിരുന്നു. ഗവേഷകന്മാർ കണ്ടെടുത്തിട്ടുള്ള ചിത്രപ്പണികളോടുകൂടിയ മൺപാത്രങ്ങളും കളിവണ്ടികളും മറ്റു കളിക്കോപ്പുകളും പിച്ചളകൊണ്ടു മനോഹരമായി കൊത്തിയുണ്ടാക്കിയ നൃത്തരൂപങ്ങളും ആ പ്രാചീനജനങ്ങളുടെ കലാപരമായ മുന്നേറ്റത്തെയാണ് തെളിയിക്കുന്നത്.

ഉത്ഖനനശാസ്ത്രജ്ഞന്മാരുടെ പരിശ്രമഫലമായി ലഭിച്ച ഈ സംസ്കാരാവശിഷ്ടങ്ങൾ ഒരു കാര്യം നിസ്സംശയമായി തെളിയിച്ചിരിക്കുന്നു. ഇന്ത്യയിൽ പ്രാകൃതവും അപരിഷ്കൃതവുമായ ജീവിതക്രമങ്ങളിൽ നിന്ന് സംസ്കാരത്തിന്റെ കാലഘട്ടത്തിലേക്ക് ആദ്യമായി കാലെടുത്തുവച്ചവർ ആര്യന്മാരായിരുന്നില്ല; ആര്യന്മാർ വരുന്നതിന് മുമ്പേതന്നെ സംസ്കാരത്തിന്റെ ആരംഭ ദശയിലെത്തിയ ആദിമ നിവാസികൾ ഇന്ത്യയിൽ ഉണ്ടായിരുന്നു. ദ്രാവിഡന്മാർ എന്ന പേരിലാണവർ പൊതുവേ അറിയപ്പെട്ടുന്നത്.

## 3 വർഗ്ഗസമരത്തിന്റെ ആരംഭം

ആര്യന്മാർക്കു മുമ്പുണ്ടായിരുന്ന ഈ പ്രാചീന ദ്രാവിഡരുടെ സാമൂഹ്യവ്യവസ്ഥ പ്രാകൃത കമ്യൂണിസത്തേക്കാൾ ഉയർന്ന ഒരു നിലയിലെത്തിക്കഴിഞ്ഞിരുന്നുവെന്നാണ് ഹാരപ്പയുടെയും മോഹൻജദാരോവിന്റെയും അവശിഷ്ടങ്ങൾ കാണിക്കുന്നത്. ലോഹം കൊണ്ടുള്ള പണിയായുധങ്ങളും യുദ്ധസാമഗ്രികളും മറ്റുപകരണങ്ങളും മൃഗങ്ങളെ പോറ്റിവളർത്തൽ, ജലസേചനപദ്ധതികളുപയോഗിച്ച് കൃഷി ചെയ്യൽ, കാർഷിക വൃത്തിയിൽ നിന്ന സ്വതന്ത്രമായി സംഘടിപ്പിക്കപ്പെട്ട കൈത്തൊഴിലുകളും കൈവേലകളിലുമുള്ള വൈദഗ്ധ്യം, പട്ടണങ്ങൾക്കുള്ളിലും പട്ടണങ്ങൾ തമ്മിൽത്തമ്മിലുമുള്ള കച്ചവടം ഇതെല്ലാം ചൂണ്ടിക്കാണിച്ചിരിക്കുന്നത്, സമുദായം വർഗ്ഗങ്ങളായി പിരിഞ്ഞതിന് ശേഷമുള്ള ഒരു സ്ഥിതിവിശേഷത്തെയാണ്. ഉല്പാദനശക്തികളുടെ വളർച്ചയുടെ ഫലമായുണ്ടായ സ്വകാര്യസ്വത്തുക്കളുടെ വർദ്ധനവും വൈപുല്യവും സാമൂഹികാസമത്വങ്ങൾക്കും വർഗവിഭജനത്തിനും വഴിതെളിച്ച് കഴിഞ്ഞിരുന്നു.

കെട്ടിടങ്ങളുടെ മട്ട് പരിശോധിച്ചാലും ഇതു വ്യക്തമാവും. ധനികന്മാർ, കൈവേലക്കാരും ചെറുകച്ചവടക്കാരുമായ ഇടത്തരക്കാർ, അടിമകളും മറ്റു ദരിദ്രരും — ഈ ജനവിഭാഗങ്ങൾക്കെല്ലാം പ്രത്യേകം പ്രത്യേകം തരത്തിലുള്ള വീടുകളുണ്ട്. ധനികന്മാരുടെ വസതികൾക്കുമുമ്പിൽ കാവൽക്കാർക്ക് വേണ്ടിയുണ്ടാക്കപ്പെട്ട പടിപ്പുരകൾ കാണാം. വെള്ളം കൊണ്ടുവന്ന് ചുറ്റുപാടുകളെ വൃത്തിയാക്കുന്ന അഴുക്കുചാൽ പദ്ധതികൾ ധനികഭവനങ്ങളുടെ അരികെ മാത്രമാണുള്ളത്. ദരിദ്രന്മാർക്ക് അഴുക്കുചാൽ പദ്ധതികളും ജലസേചന സൗകര്യങ്ങളുമില്ല. പാത്രങ്ങളിൽ വെള്ളം കോരിക്കൊണ്ടുവന്ന് ചിലപ്പോളൊക്കെ കഴുകി വെടിപ്പാക്കിയെന്ന് വരും; അത്രമാത്രം.

ഏണസ്റ്റ് മക്കേ 'സിന്ധുതട സംസ്കാരം' എന്ന തന്റെ പുസ്തകത്തിൽ ഇങ്ങനെ പറയുന്നു:

> "ഈ ഉത്ഖനനങ്ങൾക്കിടയിൽ ചെറുതും വലുതുമായ അനേകം വീടുകൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. പണക്കാരായ സ്ഥാപിതതാൽപ്പര്യക്കാരുടെയും കച്ചവടക്കാരുടെയും വർഗ്ഗങ്ങളും, ധാരാളം കൈവേലക്കാരും, അസംഖ്യം അടിമകളും, അക്കാലത്തുണ്ടായിരുന്നുവെന്ന് ഇത് തെളിയിക്കുന്നു".

പട്ടണങ്ങളിലെ അഴുക്കുചാൽ വൃത്തിയാക്കുക, നിരത്തുകൾ ശുചീകരിക്കുക മുതലായ ജോലികളെല്ലാം അടിമകളാണ് ചെയ്തിരുന്നത്. മക്കേ അവരെ 'മുൻസിപ്പൽ ജോലിക്കാർ' എന്ന് വിളിക്കുന്നു. ബാബിലോണിയ, ഈജിപ്ത് തുടങ്ങിയ പ്രാചീന രാജ്യങ്ങളിലെന്നപോലെ ഇന്ത്യയിലും ഭവനനിർമ്മാണം തുടങ്ങിയ പ്രവൃത്തികളെല്ലാം അടിമകളുടെ അദ്ധ്വാനമുപയോഗിച്ചുകൊണ്ടാണ് നടത്തപ്പെട്ടിരുന്നത് എന്ന് വിശ്വസിക്കുന്നതിൽ തെറ്റില്ല.

വർഗവിഭജനമുള്ളിടത്ത് ഭരണകൂടവുമുണ്ടാവും. മർദ്ദിതവർഗ്ഗക്കാരുടെ പ്രക്ഷോഭങ്ങളെ അടിച്ചമർത്താനുള്ള ഒരുപകരണമെന്ന നിലയ്ക്കാണ് എല്ലായിടത്തും ഭരണകൂടങ്ങൾ പൊന്തിവന്നിട്ടുള്ളത്. പ്രാചീനേന്ത്യയിലും ഭരണകൂടമുണ്ടായിരുന്നുവെന്ന് ഗവേഷകന്മാർ സമ്മതിക്കുന്നുണ്ട്. ആ ഭരണകൂടത്തിന്റെ സ്വഭാവമെന്തായിരുന്നു എന്നതിനെപ്പറ്റി കൂടുതൽ ഗവേഷണങ്ങൾ ആവശ്യമായിരിക്കാം. സുമറിലും ഈജിപ്റ്റിലും അക്കാഡിലും മറ്റുമുണ്ടായിരുന്നതുപോലുള്ള സ്വേച്ഛാധിപതികളായ ഭരണത്തലവന്മാരാണ് പ്രാചീനേന്ത്യയിൽ ഭരണം നടത്തിപ്പോന്നത് എന്ന ചില ഗവേഷകന്മാർ അഭിപ്രായപ്പെടുന്നു. ഉദാഹരണത്തിന്, സുപ്രസിദ്ധ ഗവേഷകനായ എം. വീലർ 'ഇൻഡസ് സിവിലൈസേഷൻ' എന്ന തന്റെ പുസ്തകത്തിൽ പറയുന്നതിങ്ങനെയാണ്:

> "ഹാരപ്പയിലെ ഭരണത്തലവന്മാരുടെ അധികാരശക്തിയുടെ അടിത്തറ എന്തുതന്നെയായിരുന്നാലും ശരി — മതപരമായ ഘടകം അതിൽ മുന്നിട്ട് നിന്നിരുന്നുവെന്ന് ന്യായമായും ഊഹിക്കാം — സുമറിലെയും അക്കാഡിലേയും പുരോഹിതന്മാരുടേതിൽ നിന്ന വളരെയൊന്നും വ്യത്യസ്തമല്ലാത്ത തരത്തിലാണ് അവർ ഭരണം നടത്തിപ്പോന്നത്."

പൂർണ്ണവും സ്വേച്ഛാധിപത്യപരവുമായ അധികാരാവകാശങ്ങളോടുകൂടിയ പുരോഹിതരാജാക്കന്മാരാൽ ഭരിക്കപ്പെട്ട ഒരു രാഷ്ട്രമായിരുന്നു അതെന്ന് പിഗ്ഗോട്ടും അഭിപ്രായപ്പെടുന്നു. കൊട്ടാരങ്ങളുടെ മതിൽക്കെട്ടുകളിന്മേൽ കൊത്തിയെഴുതപ്പെട്ട രേഖകൾ വായിച്ചുമനസിലാക്കാൻ കഴിയുന്നതോടുകൂടി ഇക്കാര്യത്തിൽ കൂടുതൽ വെളിച്ചം കിട്ടുമെന്ന നമുക്കാശിക്കാം.

## 4 ആദിമനിവാസികളുടെ മതവും ദൈവവും

ഇന്ത്യയിലെ ഈ പ്രാചീന നിവാസികളുടെ മതവിശ്വാസങ്ങൾ ഏതു തരത്തിലുള്ളവയായിരുന്നു? അവരുടെ ദൈവങ്ങളുടെ സ്വഭാവമെന്തായിരുന്നു?

പ്രാചീനശിലായുഗത്തിലെ പ്രാകൃതന്മാർ ആധുനിക മനുഷ്യരെപ്പോലെ ഈശ്വരനിലും പ്രാർത്ഥനകളിലും വിശ്വസിച്ചിരുന്നില്ല എന്നു തീർച്ചയാണ്. അവരൊരിക്കലും ആത്മീയവാദികളായിരുന്നില്ല. പരബ്രഹ്മത്തെപ്പറ്റിയല്ല, ഭക്ഷണത്തിനുള്ള ഫലമൂലാദികളെപ്പറ്റിയും പക്ഷിമൃഗാദികളുടെ മാംസത്തെപ്പറ്റിയുമാണ് അവർ ചിന്തിച്ചിരുന്നത്. ജോർജ്ജ് തോംസൺ ഉറപ്പിച്ചുപറയുന്നു:

> "നമുക്കറിയാവുന്ന ഏറ്റവും അടിത്തട്ടിലുള്ള കാടന്മാർക്ക് ദൈവങ്ങളില്ല. പ്രാർത്ഥനകളെപ്പറ്റിയോ യാഗങ്ങളെപ്പറ്റിയോ അവർക്ക് യാതൊന്നുമറിഞ്ഞുകൂടാ. ഇതുപോലെ തന്നെ പരിഷ്കൃതജനതകളുടെ ചരിത്രാതീതകാലത്തേക്കു തുളച്ചുകടക്കാൻ കഴിയുമ്പോഴെല്ലാം ദൈവങ്ങളും പ്രാർത്ഥനകളും യാഗങ്ങളുമില്ലാത്ത ഒരു നിലവാരത്തിൽ നമ്മളെത്തിച്ചേരുന്നു.

ഭൗതികജീവിതത്തെ കൂടുതൽ കാമ്യവും കൂടുതൽ ആഹ്ലാദമയവുമാക്കുക — ഇത് ആയിരുന്നു പ്രാകൃതമനുഷ്യരുടെ ജീവിതോദ്ദേശ്യം. ഈ ജീവിതോദ്ദേശ്യമാണ് അവരെ കർമ്മോന്മുഖരാക്കിയത്. പക്ഷേ, ജീവിതം കഠിനമായിരുന്നു. അതുകൊണ്ട് മാനുഷികമായ കഴിവില്ലായ്മയെ നികത്താൻ വേണ്ടി ക്രമത്തിലവർ അമാനുഷികമായ ശക്തികളുടെ സഹായം തേടി. പ്രകൃതിയിൽ കാണപ്പെട്ട മരങ്ങളേയും പക്ഷിമൃഗാദികളേയുമെല്ലാം അവർ തങ്ങളേക്കാൾ ശക്തിയുള്ള ദൈവങ്ങളായിട്ടാണ് കണക്കാക്കിയത്. പ്രകൃതിശക്തികളെ ചൊൽപ്പടിയിലാക്കാൻ സയൻസിന്റെ സഹായമുണ്ടായിരുന്നില്ല. അതുകൊണ്ടവർ പാട്ടുപാടുകയും നൃത്തം വെയ്ക്കുകയും ചെയ്തു. വേടപ്പണികൊണ്ടു ഉപജീവനം കഴിച്ചിരുന്ന അപരിഷ്കൃതജനങ്ങൾ ചില കാട്ടുമൃഗങ്ങളേയും സർപ്പങ്ങളേയും പൂജിക്കുകയും അരയാൽമരം പോലുള്ള വൃക്ഷങ്ങളെ ആരാധിക്കുകയും തന്ത്രമന്ത്രങ്ങളിൽ വിശ്വസിക്കുകയും ചെയ്തുപോന്നു. ഉൽപ്പാദനശക്തികൾ വളരുകയും കൃഷിക്ക് പ്രാധാന്യം ലഭിക്കുകയും ചെയ്തപ്പോൾ ദൈവങ്ങളുടെ സ്വഭാവത്തിനും മാറ്റമുണ്ടായി. കാളിയും ഭഗവതിയും മറ്റും കുലദൈവങ്ങളായിത്തീർന്നത് ഈ കാലഘട്ടത്തിലാണ്.

ഹാരപ്പയിൽ നിന്നും മോഹൻജദാരോവിൽ നിന്നും കണ്ടുകിട്ടിയ ഒട്ടനവധി സ്ത്രീ പ്രതിമകൾ പ്രാചീനേന്ത്യയുടെ മതവിശ്വാസങ്ങളിലേക്ക് വെളിച്ചം വീശുന്നുണ്ട്. ഈ പ്രതിമകളിൽ ചിലത് കുട്ടികളുടെ കളിപ്പാട്ടങ്ങളായിരിക്കാം. പക്ഷേ, മുഴുവനും അങ്ങനെയാവാനിടയില്ലെന്നാണ് ഇന്ത്യയിലെ ഉത്ഖനനവകുപ്പിന്റെ ഡയറക്ടർ ജനറലായിരുന്ന സർ ജോൺ മാർഷൽ ഉറപ്പിച്ചു പറയുന്നത്. ഒരു മൂർത്തിയുടെ മടിയിൽ ചെറിയൊരു കുട്ടിയുണ്ട്. മറ്റൊരു മൂർത്തി ഗർഭവതിയായ ഒരു സ്ത്രീദൈവത്തിൻറേതാണ്. സന്താനലാഭത്തിനുവേണ്ടി സ്ത്രീകൾ അത്തരം മൂർത്തികളെ പൂജിച്ചിരുന്നുവെന്നാണ് മാർഷൽ അനുമാനിക്കുന്നത്. ഹാരപ്പയിൽ നിന്ന് നഗ്നയായ ഒരു സ്ത്രീദൈവത്തിന്റെ ബിംബം കിട്ടിയിട്ടുണ്ട്. കാലുകൾ അകത്തിവെച്ചിരിക്കുന്നു. ഗർഭാശയത്തിൽ നിന്നും ഒരു ചെടി മുളച്ച് പൊന്തിയിരിക്കുന്നു. കുട്ടികളുണ്ടാവണമെന്നാഗ്രഹിക്കുന്നവർ മാത്രമല്ല, കൃഷി നന്നാവണമെന്നാഗ്രഹിക്കുന്നവരും ഈ ദേവിയേയാണ് പൂജിച്ചിരുന്നത്. യോഗികളെപ്പോലെ പത്മാസനത്തിലിരിക്കുന്ന മൂന്ന് ശിരസ്സുകളുള്ള ഒരു പുരുഷ ദൈവത്തിന്റെ ബിംബവും കിട്ടിയിട്ടുണ്ട്. ശിവന്റെ പ്രതിമയാണതെന്ന് മാർഷൽ ഊഹിക്കുന്നു. ശിവന് പുറമേ മരം, വെള്ളം, തീ മുതലായവയും നരി, ആന, പോത്ത് മുതലായവയേയും അവർ പൂജിച്ചിരുന്നുവെന്നതിനു തെളിവുകളുണ്ട്. ലിംഗപൂജയും സാധാരണമായിരുന്നു. എന്നാൽ ഏറ്റവുമധികം പ്രാധാന്യം അമ്മ ദൈവങ്ങൾക്കു തന്നെയായിരുന്നു.

## 5 ഭാരതീയ സംസ്കാരത്തിന്റെ അസ്തിവാരം

ഇങ്ങനെ നാലായിരമോ അയ്യായിരമോ കൊല്ലങ്ങൾക്കു മുമ്പുതന്നെ ഇന്ത്യയുടെ മണ്ണിൽ നിന്നും ഇന്ത്യയുടെ സാമ്പത്തിക സാമൂഹിക സാഹചര്യങ്ങളിൽ നിന്നും ഉടലെടുത്ത ഒരു സംസ്കാരം നമുക്കുണ്ടായിരുന്നു. ക്രിസ്തുവബ്ദത്തിന് മുമ്പ് രണ്ടാം സഹസ്രാബ്ദത്തിന്റെ മദ്ധ്യത്തിൽ ഹിന്ദുക്കുഷ്-പാമീർ പർവ്വതനിരകളിൽ നിന്ന് അപരിഷ്കൃതരായ ആര്യന്മാർ സംഘം സംഘമായിറങ്ങിവന്ന് ഇന്ത്യയെ ആക്രമിച്ചതിനെ തുടർന്നാണ് ഈ സംസ്കാരത്തിന് ഉടവ് തട്ടിയത്.

ആക്രമണങ്ങളുടെയും സംഘട്ടനങ്ങളുടെയും ഫലമായി പർവ്വതപ്രദേശങ്ങളിലേക്കും കാടുകളിലേക്കും ആട്ടിയോടിക്കപ്പെട്ട ആദിമനിവാസികളിൽ പലരും നാമാവശേഷമായിരിക്കുന്നു. ഫലപുഷ്ടിയുള്ള സമതലപ്രദേശങ്ങളിൽ പാർപ്പുറപ്പിക്കാൻ കഴിഞ്ഞവർ സംസ്കാരസമ്പന്നരായി അവശേഷിക്കുകയും ചെയ്തു. അവരുടെ പിൻഗാമികൾ മദ്ധ്യേന്ത്യയിലും ദക്ഷിണേന്ത്യയിലും ഇന്നും ജീവിച്ചിരിക്കുന്നുണ്ട്. തങ്ങളുടെ അതിപ്രാചീനങ്ങളായ ആചാരവിശേഷങ്ങളിൽ പലതും ഇന്നും അവർ നിലനിർത്തിപ്പോരുന്നുണ്ട്. ആരാധനാസമ്പ്രദായങ്ങളിൽ മാത്രമല്ല ഭാഷ, സാഹിത്യം മുതലായവയിലും ആ പഴയ പാരമ്പര്യത്തിന്റെ അവശിഷ്ടങ്ങൾ കാണാം. തെക്കേ ഇന്ത്യയിലെ ഭാഷകളിൽ മാത്രമല്ല, വടക്കേ ഇന്ത്യയിലെ മദ്ധ്യപ്രദേശ്, ഹിമാചല പ്രദേശ്, ഛോട്ടാനാഗ്പൂർ മുതലായ സ്ഥലങ്ങളിലെ ഗോത്രവർഗ്ഗക്കാർ സംസാരിക്കുന്ന ഭാഷകളിലും ആര്യന്മാർക്കു മുമ്പുണ്ടായിരുന്ന പ്രാചീനഭാഷയുടെ പല സ്വഭാവവിശേഷങ്ങളും നിലനിർത്തപ്പെട്ടുവരുന്നുണ്ട്. അപ്പോൾ ആര്യന്മാർക്ക് മുമ്പുണ്ടായിരുന്ന ഇന്ത്യയുടെ പ്രാചീനസംസ്കാരം തികച്ചും മണ്ണടിഞ്ഞുപോയെന്നു കരുതുന്നതു ശരിയല്ല. ഇഷ്ടികകൊണ്ടുള്ള കെട്ടിടങ്ങൾ തകർന്നിട്ടുണ്ടാവാം. ഓവുചാലുകൾ ഉപയോഗശൂന്യമായിട്ടുണ്ടാവാം. എങ്കിലും ആ പ്രാചീനസംസ്കാരത്തിന്റെ പല ഘടകങ്ങളും ആര്യസംസ്കാരത്തിന്റെ ഭാഗങ്ങളായി ലയിച്ചുചേർന്നുകൊണ്ട് ഇന്നും ജീവിച്ചിരിക്കുന്നുണ്ടെന്ന് കാണാം. ഗോർഡൻ ചൈൽഡ് ചൂണ്ടിക്കാണിക്കുന്നതുപോലെ, ‘ഒരു സവിശേഷമായ ചുറ്റുപാടിനോട് മനുഷ്യജീവിതം സമ്പൂർണ്ണമായിണങ്ങിച്ചേർന്നു നിൽക്കുന്നതിന്റെ പ്രാതിനിധ്യമാണ് സിന്ധുതടസംസ്കാരം വഹിക്കുന്നത്. വളരെക്കാലത്തെ ക്ഷമയോടുകൂടിയ പ്രയത്നത്തിന്റെ ഫലമായേ അങ്ങനെയൊരിണക്കം സാധിക്കൂ. അത് നിലനിൽക്കുകയും ചെയ്തു. ഇതിനകം അത് സവിശേഷം ഭാരതീയമായിക്കഴിഞ്ഞിട്ടുണ്ട്. ആധുനിക ഭാരതീയസംസ്കാരത്തിന്റെ അസ്ഥിവാരമായിത്തീർന്നതും അതാണ്. ☐

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014